GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 - 2318186, 2317314

Editor Farm News – Dr. Amritha V.S

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/09/2026

1. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് കന്നുകലി വളർത്തൽ കേന്ദ്രത്തിൽ 7 പശുക്കളെ സെപ്റ്റംബർ 25 ന് പകൽ 11 മണിക്ക് ഫാം പരിസരത്ത് വെച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ തിരിച്ചറിയൽ രേഖയുടെ പകർപ്പ് സഹിതം ലേല സമയത്തിനു മുൻപായി ടി പശുവിന് 10000/- രൂപ നിരതദ്രവ്യമായി ആഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സർക്കാർ ലേലങ്ങൾക്കുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും. കൂടുതൽ

വിവരങ്ങൾക്ക് 0471 –2732962 എന്ന ഫാം ഓഫീസ് നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

2. ഒന്നാം വിള ( വിരിപ്പ് ) വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ ഭാഗമായി സപ്ലൈക്കോ കർഷകരിൽ നിന്ന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. 2026 ഡിസംബർ 31 നകം കൊയ്ത്ത് പൂർത്തിയാകുന്ന എല്ലാ കർഷകരും സെപ്റ്റംബർ 30 നകം രജിസ്ട്രേഷൻ പൂർത്തിയാക്കണം. നേരിട്ടോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ www.supplycopaddy.in എന്ന വെബ് സൈറ്റ്ലൂടെയോ അപേക്ഷ സമർപ്പിക്കാം. ഓരോ പാട ശേഖരത്തിനും, നെല്ലിനത്തിനും, ഭൂമിരീതിക്കും വെവ്വേറേ അപേക്ഷകൾ സമർപ്പിക്കണം.

3. കാർഷിക സർവകലാശയിലെ പി.ജി., പി.എച്ച്.ഡി. പ്രോഗ്രാമുകളിലെ പ്രവേശനത്തിന് സെപ്റ്റംബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം. ICAR എൻട്രൻസ് ഫലം വന്ന് 7 ദിവസം വരെ സാവകാശം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0487–2438139 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

4. കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ 2026 –27 വർഷത്തിൽ " **കാർഷികകേരളം പുതുയുഗപ്പിറവിയിലേക്ക്"** എന്ന വിഷയത്തെ ആസ്പദമാക്കി നടത്തുന്ന ഫാം ഫോട്ടോഗ്രാഫി മത്സരത്തിലേക്ക്

അപേക്ഷ ക്ഷണിച്ചു. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസന മേഖലകളിലെ ഹൈടെക് കൃഷിരീതികൾ, നൂതന സാങ്കേതികവിദ്യകൾ, പുതുസംരംഭങ്ങൾ, സംഘകൃഷി തുടങ്ങിയ കാർഷികമേഖലയുടെ വിവിധ തലങ്ങൾ എന്നിവ ആസ്പദമാക്കിയുള്ള ഡിജിറ്റൽ ചിത്രങ്ങളാണ് അയക്കേണ്ടത്. കുറഞ്ഞത് 300 DPI ഉം ഫയൽ സൈസ് കുറഞ്ഞത് 3 MB യും വേണം. പ്രായഭേദമന്യേ എല്ലാവർക്കും മത്സരത്തിൽ പങ്കെടുക്കാം. ഒരാൾക്ക് പരമാവധി 3 ഫോട്ടോകൾ അയ്ക്കാം. എഡിറ്റ് ചെയ്ത ഫോട്ടോകൾ പരിഗണിക്കുന്നതല്ല. മുൻ വർഷം സമർപ്പിച്ച എൻട്രികൾ വീണ്ടും സമർപ്പിക്കേണ്ടതില്ല. എൻട്രികളിൽ നിന്നും ലഭിക്കുന്ന ഫോട്ടോകൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൻറെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതാണ്. തിരെഞ്ഞെടുക്കപ്പെടുന്നവർക്ക് ഒന്നാം സമ്മാനം 20,000/-, രണ്ടാം സമ്മാനം 10,000/-, മൂന്നാം സംമ്മാനം ₹5,000/-, പ്രോത്സാഹന സമ്മാനം ₹1,000/- വീതം 10 പേർക്ക് എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ പെൻഡ്രൈവ് മുഖേനയോ, farmphotography2026@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ  സെപ്റ്റംബർ 30 ന് മുൻപ് ലഭിക്കണം. കൂടുതൽ

വിവരങ്ങൾക്ക് 8078095860 എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

5. തിരുവനന്തപുരം ചാത്തന്നൂർ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ഒക്ടോബർ മാസം നടക്കുന്ന സൗജന്യ ക്ലൺക്രൃഷി പരിശീലനത്തിലെക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. രാവിലെ 9.30 മുതൽ വൈകി ട്ട് 5.30 വരെ 10 ദിവസമാണ് പരിശീലനം. 18 മുതൽ 49 വയസ് വരെയുള്ളവർക്ക് പങ്കെടുക്കാം. ആധാർ കാർഡ്, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ബാങ്ക് പാസ്സ്ബുക്ക് എന്നിവയുടെ ഫോട്ടോ കോപ്പിയും, 3 പാസ് പോർട്ട് സൈസ് ഫോട്ടോകളും സഹിതം അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർ ക്കിൽനേരിട്ട് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 9495999721 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.